11940
17/9/15

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതിക്കാരുടെ അധിനതയിലുള്ള കാവുകളുടേയും ക്ഷേത്രങ്ങളുടേയും പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും തുക അനുവദിക്കുന്ന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

==================================================================================

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം. **1243/2015/** പജപവവിവ   തീയതി, തിരുവനന്തപുരം. 30/07/2015

==================================================================================

പരാമർശം: 1. 06.07.2015 ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ പി2-10500/15-ാം നമ്പർ കത്ത്.

2. 10.07.2015 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ 7-ാം നമ്പർ തിരുമാനം.

## ഉത്തരവ്

പട്ടികജാതി വിഭാഗക്കാരുടെ പരമ്പരാഗതമായിട്ടുള്ള ആരാധനാ സ്ഥലങ്ങൾ നവീകരിക്കുന്നതിന് സഹായം നൽകുന്നതിനുള്ള ഘടകം പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി മാർഗ്ഗ രേഖയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പട്ടികജാതിക്കാരുടെ അധീനതയിലുള്ള കാവുകളുടേയും ക്ഷേത്രങ്ങളുടേയും പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായി ഒരു കാവിന്/ക്ഷേത്രത്തിന് പരമാവധി 5 ലക്ഷം രൂപ വരെ അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തുകൊണ്ട്, ഇപ്രകാരമുള്ള 15 കാവ്/ക്ഷേത്രം പുനരുദ്ധരിക്കുന്നതിനുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് സഹിതം പരാമർശം 1 ലെ കത്തുപ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. കാവ്/ക്ഷേത്രം സംരക്ഷിക്കുന്നതിന് തുക അനുവദിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർ ശുപാർശ ചെയ്ത പ്രസ്തുത അപേക്ഷകളുടെ വിവരങ്ങൾ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നം | ജില്ല | ബ്ലോക്ക്/മുൻ സിപ്പാലിറ്റി | ക്ഷേത്രം/കാവ് | പ്രവൃത്തികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷൻ | കുനിക്കാട്ട് കുന്നത്ത് ഭഗവതി ക്ഷേത്രം | ചുറ്റുമതിൽ നിർമ്മാണം | 2.10 |
| 2 | കോഴിക്കോട് | കൊടുവള്ളി | വാവാട് തൃക്കത്തെറ്റുമ്മൽ കരിവല്ലിക്കാവ് | നവീകരണം | 5.00 |
| 3 | കോഴിക്കോട് | തിരുവമ്പാടി | മുണ്ടോംപറമ്പിൽ ഭഗവതികാവ് | പുനരുദ്ധാരണം | 2.00 |
| 4 | കോഴിക്കോട് | ഫറോക്ക് | ശ്രീ. മുത്തപ്പൻകാവ് ക്ഷേത്രം | നവീകരണം | 1.35 |
| 5 | കോഴിക്കോട് | ഫറോക്ക് | പറവങ്ങി ഭഗവതിക്ഷേത്രം | ചുറ്റുമതിൽ മേൽക്കൂര നിർമ്മാണം | 2.00 |
| 6 | കോഴിക്കോട് | ഫറോക്ക് | ശ്രീകുറുംബ ഭഗവതി ക്ഷേത്രം | നവീകരണം | 2.95 |
| 7 | മലപ്പുറം | അരീക്കോട് | അടിച്ചിക്കുന്നത്ത് മുത്തി തറവാട് ക്ഷേത്രം | നവീകരണം | 4.50 |
| 8 | തൃശ്ശൂർ | ആളൂർ | പറയൻകാവ് മുത്തിദേവി ക്ഷേത്രം | നവീകരണം | 5.00 |
| 9 | മലപ്പുറം | വണ്ടൂർ | ചെറുവാർകാവ് | നവീകരണം | 2.80 |
| 10 | ആലപ്പുഴ | പാലമേൽ | പുലികുന്ന് സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം | ചുറ്റുമതിൽ നിർമ്മാണം | 5.00 |
| 11 | ആലപ്പുഴ | താമരക്കുളം | കീപ്പള്ളിശ്ശേരി കാവ് | ചുറ്റുമതിൽ നിർമ്മാണം | 2.40 |
| 12 | ആലപ്പുഴ | താമരക്കുളം | അപ്പൂപ്പൻ കാവ് | ചുറ്റുമതിൽ നിർമ്മാണം | 5.00 |
| 13 | ആലപ്പുഴ | മാരാരിക്കുളം | വാളയൻ ചിറകാവ് | നവീകരണം | 5.00 |
| 14 | മലപ്പുറം | ചേലമ്പ്ര | ചാലിപ്പറമ്പ് ഭഗവതി ക്ഷേത്രം | നവീകരണം | 5.00 |
| 15 | മലപ്പുറം | പോരൂർ | മുളിയത്ത് മുത്തപ്പൻ കാവ് ക്ഷേത്രം | ചുറ്റുമതിൽ നിർമ്മാണം | 5.00 |
| | | | | ആകെ | **55.10** |

(ആകെ അൻപത്തി അഞ്ച് ലക്ഷത്തി പതിനായിരം രൂപ മാത്രം)

പ്രസ്തുത തുക ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുവദിക്കുകയും ആവശ്യമായ തുക തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സെക്രട്ടറിയ്ക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസർ കൈമാറുന്നതാണെന്നും സെക്രട്ടറിമാർ അതാത് സാമ്പത്തിക വർഷം തന്നെ. ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണെന്നും പ്രൊപ്പോസലിൽ വ്യക്തമായിട്ടുണ്ട്. മേൽ പറഞ്ഞ പതിനഞ്ച് കാവുകളുടെ നവീകരണത്തിനുള്ള 55.10 ലക്ഷം രൂപ 2225-01-800-57(പി) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താമെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

10.07.2015 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും പരാമർശം 2 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗക്കാരുടെ അധീനതയിലുള്ള കാവ്/ക്ഷേത്രം നവീകരിക്കുന്നതിന് ഒരു കാവ്/ക്ഷേത്രത്തിന് പരമാവധി അഞ്ചു ലക്ഷം രൂപ വരെ അനുവദിക്കുന്നതിന് തീരുമാനിച്ചുകൊണ്ട്, ഇപ്രകാരം പട്ടികജാതി

വികസന ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ള 15 കാവ്/ക്ഷേത്രം നവീകരിക്കുന്നതിന് മുൻ ഖണ്ഡികകളിൽ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി 55.10 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേക്കാവശ്യമായ 55.10 ലക്ഷം രൂപ. പട്ടികജാതി വികസന വകുപ്പിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2225-01-800-57(പി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.പി.രമാദേവി**
അഡീഷണൽ സെക്രട്ടറി

*ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം*
*പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ), (ഇ&ആർ സെക്ടർ) കേരള, തിരുവനന്തപുരം.*
*ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി. തിരുവനന്തപുരം.*
*കരുതൽ ഫയൽ/ഓഫീസ് കോപ്പി.*

ഉത്തരവിൻ പ്രകാരം
Bali K J
സെക്ഷൻ ഓഫീസർ